(സി) തുടർസഹായം ലഭിക്കുന്നതിന് എന്തെങ്കിലും തടസ്സം ഉണ്ടായിട്ടുണ്ടോ; എങ്കിൽ കാരണം വ്യക്തമാക്കാമോ?

ഉത്തരം

(എ) 2001-02-ൽ 32 പാലങ്ങൾക്ക് 67.81 കോടി രൂപയും 15 റോഡുകൾക്ക് 32.15 കോടി രൂപയും വായ്പ ലഭിച്ചു. 2002-03-ൽ 44 പാലങ്ങൾക്ക് 69.8 കോടി രൂപയും 38 റോഡുകൾക്ക് 69.62 കോടി രൂപയും വായ്പയായി ലഭിച്ചു.

2003-04-ൽ 14 പാലങ്ങൾക്ക് 15.73 കോടി രൂപയും 4 റോഡുകൾക്ക് 2.44 കോടി രൂപയും നബാർഡിൽ നിന്ന് വായ്പയായി ലഭിച്ചിട്ടുണ്ട്.

(ബി ആന്റ് സി) ഞകളഎ പുനസ്ഥാപിക്കാനും ഞകളഎ കത-ൽ കേരളത്തിന് 2004-05-ൽ ലഭിക്കാനുള്ള 84 കോടി രൂപയുടെ പദ്ധതികൾക്ക് അംഗീകാരം നൽകാനും തീരുമാനിച്ചതായി നബാർഡിൽ നിന്നും വിവരം ലഭിച്ചിട്ടുണ്ട്.

നബാർഡിന്റെ സഹായത്തോടെ നടത്താൻ ഉദ്ദേശിക്കുന്ന പ്രവൃത്തികൾ

279 [2336] ശ്രീ. യു. സി. രാമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ നബാർഡിന്റെ സഹായത്തോടെ എന്തെല്ലാം പ്രവൃത്തികൾ നടത്താൻ ഉദ്ദേശിക്കുന്നു;

(ബി) ഇതിൽ റോഡുകൾ, പാലങ്ങൾ എന്നിവ എത്ര വീതമെന്ന് വ്യക്തമാക്കാമോ;

(സി) കുന്ദമംഗലം നിയോജക മണ്ഡലത്തിൽ ഏതെല്ലാം പാലങ്ങളും റോഡുകളും ഉൾപ്പെട്ടിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) പൊതുമരാമത്ത് വകുപ്പിൽ റോഡുകളുടെയും പാലങ്ങളുടെയും പ്രവൃത്തികളാണ് നടത്താൻ ഉദ്ദേശിക്കുന്നത്.

(ബി) 217 പാലങ്ങളും 93 റോഡുകളുമാണ് നബാർഡിന്റെ ധനസഹായത്തിനായി സമർപ്പിച്ചിട്ടുള്ളത്.

(സി) കുന്ദമംഗലം മണ്ഡലത്തിൽ പായി പ്ര-കുന്ദമംഗലം-പന്തീരംപാടം റോഡ്, കാരന്തൂർ-പാറക്ക പാലം, കുളിമാട് പാലം, തെയ്യത്തുംകടവ് പാലം എന്നിവ ഉൾപ്പെടുത്തിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly